# പ്രതീക്ഷ-2024

## POMPEI ST MARYS V H S S KATTOOR



# എൻെറ വിദ്യാലയം

മുത്തുമുത്തശിയാണെൻെറ വിദ്യാലയം.കാലത്തിൻെറ മാറ്റങ്ങൾ ഉയർച്ചയും തളർച്ചയും നൽകിയിട്ടുണ്ട്.അറിവിൻെറ അപാരമായ കടൽതിരത്ത് ആദ്യാക്ഷരങ്ങൾ പകർന്നു നൽകി,കുരുന്നുകൾക്കു തണലായി താങ്ങായി പടർന്നു പന്തലിച്ച് വേരുകൾ ആഴ്ത്തി നില്ക്കുന്നു.എൻെറ വിദ്യാലയം കാട്ടൂരിൻെറ സംസ്ക്രിതിയുടെ ഭാഗമാണ്.നിൻെറ തിരുനടയിൽ ഞങ്ങളുടെ നവോവാകം.

# സന്ദേശം

പൊതുവിദ്യാഭ്യാസരംഗത്തിന് തിലകകുറിചാർത്തി സാങ്കെതിക
വിജ്ഞാനത്തിന് പുത്തൻ ഉണർവ്വ് നൽകി കുട്ടികളെ ഐ റ്റി
രംഗത്തേക്ക് കൈപിടിച്ച് ഉയർത്തുന്നതിനും പുത്തൻ
പരീക്ഷണങ്ങൾ നടത്തുന്നതിനുമായി കുട്ടികളുടെ ഐ റ്റി കൂട്ടായ്മ
ലിറ്റിൽ കൈറ്റ്സ് പോംപൈ സെൻെറ് മേരീസ് ഹൈരസ്കൂളിലും
നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയും സംരഭമായ ഇമാഗസീൻ
നിർമ്മിച്ച് പ്രസിദ്ധീകരിക്കുന്നതിൽ അതിയായ സന്തോഷം
അറിയിക്കുന്നു. മാഗസീൻ നിർമ്മാണത്തിൽ പങ്കെടുത്ത മുഴുവൻ
കുട്ടികളെയും അഭിനന്ദനങ്ങൾ ഐ റ്റിയുടെ നൂതന സാധ്യതകൾ
രൂപപെടുത്താൻ ഈ പദ്ധതിയിലൂടെ കഴിയട്ടെ എന്ന്
ആശംസിച്ചുകൊണ്ട്.

സജീവൻ.വി.കെ

(എച്ച്.എം)

# പ്രതീക്ഷ

ഒരു ഇത്തിരി നിങ്ങൾക്കു മുന്നിൽ
തെളിയിക്കട്ടെ.ആത്മ
സാക്ഷാത്ക്കാരത്തിന്റെയും
നവാനുഭൂതിയുടെയും
വരികളാണിവയിൽ.ഇതിൽ
അനുകരണത്തിന്റെയും
പകർത്തെഴുത്തിന്റെയും
നിഴലുകൾ ഉണ്ടാകാം.ക്ഷമിക്കുക.ഇതൊരു
പടിമാത്രം.ഇതിൽ നിന്നവാം ഇനിയുള്ള
യാത്ര.

എഡിറ്റർ
സായന്തനകെഎസ്

*എൻെറ പൊന്നോണം

* എൻെറ മുല്ല

*അമ്മ

*ഞാനാര്

* ഒന്നിച്ചുപോരാടാം

*ഉണ്ണിക്കുട്ടൻെറ ചോദ്യം

*വിന

*കൊതുക് ചൊല്ലുകൾ

## എന്റെ പൊന്നോണം

ഓരോ നാളുകൾ കഴിയും തോറും
എന്റെ മനസ്സിൽ പൊന്നോണം
ഓണത്തപ്പനെ ഓർക്കും നേരം
എന്റെ മനസ്സിൽ സന്തോഷം
അത്തം പത്തിന് ചാണകം മെഴുകി
തുമ്പ പൂക്കൾ നിറക്കും ഞാൻ
തിരുവോണത്തിന് പൂവടച്ചുട്ട്
കാത്തിരിപ്പായി മാവേലിയേ
ഓണത്തപ്പൻ വന്നാലുടൻ
പുത്തരി ചോറ് വിളമ്പും ഞാൻ
പായസം കുടിച്ച് യാത്ര പറയുമ്പോൾ
എന്റെ മനസ്സിൽ ദു:ഖം പൂണ്ടു.

സായന്തന കെ എസ്
ക്ലാസ്9

# എന്റെ മുല്ല

എന്റെ മുല്ലമുല്ലയെ കാലത്തു കാണുമ്പോൾ
സൂര്യനുദിച്ചതുപോലെ ,
എന്റെ മുല്ലയെ ഉച്ചയ്ക്കു കാണുമ്പോൾ
മാനത്തെ മഴവില്ല് പോലെ ,
എന്റെ മുല്ലയെ വൈകീട്ടു കോണുമ്പോൾ
സൂര്യനസ്തമിച്ചതു പോലെ ,
എന്റെമുല്ലയെ രത്രികാണുമ്പോൾ
നക്ഷത്രമിലന്നുതു പോലെ ,
രത്രി ഞാനുറങ്ങുമ്പോൾ എന്റെ മനസ്സിൽ
നീയോരു മാലാഖപോലെ ,
എന്റെ മുല്ലയിലെ ഓരോ
പൂകൊഴിയുമ്പോഴും
എന്റെ മനസ്സിൽ തീക്കനൽ,

വൈഗ വി എസ്
ക്ലാസ്  9

# ഞാനാര്?



*ഈറയിലുണ്ട്  മാലയിലില്ല

അച്ചിലുണ്ട് അമ്മിയിലില്ല  _ഈച്ച

*മാമരത്തിലുണ്ട്  ചാകരയിലില്ല

ചാലിലുണ്ട്  ചാക്കിലില്ല

ധാന്യത്തിലുണ്ട്  ധനത്തിലില്ല  _മാലിന്യം

*രോമാഞ്ചത്തിലിണ്ട്  രാമച്ചത്തിലില്ല

മൃഗംത്തിലുണ്ട്  മനുഷ്യനിലില്ല  _രോഗം

*കൊക്കിലുണ്ട്  കുടയിലില്ല

തുളസിയിലുണ്ട്  ചേനയിലില്ല

കടുകിലുണ്ട്  കായയിലില്ല  _കൊതുക്


അമൽ

9 ക്ലാസ്

# വിന

കള കള മോതിവരും
അന്നു നമ്മുടെ പുഴകൾ.
മാലിന്യത്തിന്നിരബലോതിവരും
ഇന്നു നമ്മുടെ പുഴകൾ

കാവ്യഭംഗിയെഴുന്നിടും പുഴകർള
കാൽക്കീഴിൽ അമർത്തിടും
മാലിന്യം
തേഗാതുരതക്കീടും നമ്മെ
മലിനമായിടുമീ ചുറ്റുപാട്.

## .ചൊല്ലുകൾ

മിന്നുന്നതെല്ലാം പൊന്നല്ല.

വേണേൽ ചക്ക വേരിലും കായ്ക്കും .

മഴ നിന്നാലും മരം പെയ്യും.

അണ്ണാൻ കുഞ്ഞും തന്നാലായത്.

# <u>തോട്ടക്കാരനും കോഴിയും</u>

ഒരു പട്ടണത്തിൽ  രാമു എന്ന പേരുള്ള ഒരു തോട്ടക്കാരനുണ്ടായിരുന്നു. തോട്ടക്കാരന് ഒരു കോഴി ഉണ്ടായിരുന്നു. ആ കോഴി തോട്ടക്കാരന് പ്രിയപ്പെട്ടതായിരുന്നു. ആ കോഴിയെ തോട്ടക്കാരൻ എന്നും ശ്രുശ്രൂക്ഷിക്കുമായിരുന്നു. ആ കോഴി ഭക്ഷണം കഴിച്ചില്ല എങ്കിൽ തോട്ടക്കാരനും ഭക്ഷണം കഴിക്കില്ല സ്നേഹമായിരുന്നു തോട്ടക്കാരന് കോഴിയോട്. ഒരു  ദിവസം കോഴിയും രാമുവും കൂടി അപ്പുറത്തെ വിട്ടിലേക്ക് പോയി എന്നിട്ട് അവരോട് കുറേ സംസാരിച്ചു. എന്നിട്ട്  അവർ പറഞ്ഞു ഭക്ഷണം കഴിച്ചിട്ട് പോയാമതി. ഇത് രാമുവും കോഴിയും സമ്മതിച്ചു.പക്ഷെ കോഴി  ഒരു ജിവി

തതആണല്ലോ അതുകൊണ്ട് തന്നെ അവർ കോഴിക്ക് ഭക്ഷണം കൊടുത്തില്ല. ഇത് രാമു കണ്ടു അപ്പോൾ രാമു പറഞ്ഞു  എന്നാൽ എനിക്കും വേണ്ട. ഇത് പറഞ്ഞ് അവൾ വീട്ടിൽ  നിന്ന് ഇറങ്ങി തന്റെ വീട്ടിലേക്ക് പോയി രാമു കോഴിക്ക് വയറ് നിറച്ച് ഭക്ഷണം കൊടുത്തു അങ്ങനെ അവൾ സന്തോഷമായി കുറച്ച് ദിവസം ജീവിച്ചു. ഒരു ദിവസം കോഴി ഒരു സ്വാർതഥയായ കോഴിയായി മാറി. അന്ന് കോഴിക്ക് വിശന്നപ്പോൾ കോഴി രാമു വിന്റെ തോട്ടത്തിൽ നിന്ന് ഒരു തക്കാളി രാമു അറിയാതെ കഴിച്ചു. അന്ന് രാമു തോട്ടത്തിൽ നനക്കാൻ വന്നപ്പോൾ കണ്ടത് രാമുവിന്റെ

തോട്ടത്തിൽ നിന്ന് കോഴി തക്കാളി കഴിക്കുന്നതാണ് രാമുവിന് കോഴിയോട് അതിയാത്ത ദേഷ്യം തോന്നി. രാമു കോഴിയെ ചീത്ത പറഞ്ഞു. കോഴി രാമുവിനെ കൊക്ക് കൊണ്ട് കൊത്തി. പിന്നെ ഒരിക്കലും രാമു കോഴിയെ ചീത്ത പറഞ്ഞിട്ടില്ല.

അനന്യ വി ആർ
ക്ലാസ് 8

# നന്ദിയോടെ

സാബു മാഷുടേയും സുദീപ്
മാഷുടേയും നേതൃത്വത്തിൽ
നിർമ്മിച്ച ഈ ഡിജിറ്റൽ
മാഗസിന്റെ നിർമ്മാണത്തിന്
സഹായിച്ച എന്റെഎല്ലാ
കൂട്ടുകാർക്കും ഹൃദയപൂർവ്വം
നന്ദി....

എഡിറ്റർ